കണ്ണൂർ സർവ്വകലാശാല
(സിംഗിൾ വിൻഡോ )

SWC/SWC II/989/2024 കണ്ണൂർ,തീയതി: 14.06.2024

## പ്രസിദ്ധീകരണത്തിന്

### യു. ജി രണ്ടാം അലോട്ട്മെൻറ് നിർദ്ദേശങ്ങൾ

2024 - 25 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെൻറ് admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെൻറ് പരിശോധിക്കേണ്ടതും രണ്ടാം അലോട്ട്മെൻറിൽ ആദ്യമായി (First time) അലോട്ട്മെൻറ് ലഭിച്ചവർ 2024 ജൂൺ 19 നകം (SBIePay വഴി) അഡ്മിഷൻ ഫീസ് ഓൺലൈനായി നിർബന്ധമായും അടക്കേണ്ടതുമാണ്. മറ്റു രീതികളിൽ ഫീസ് അടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ഫീസ് 990 /- രൂപയാണ്. (SC/ST വിഭാഗത്തിന് 920 /- രൂപ).

ഒന്നാം അലോട്ട്മെൻറുകളിൽ അലോട്ട്മെൻറ് ലഭിച്ച്, ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ് അടക്കേണ്ടതില്ല.

നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്തവർ തുടർന്നുള്ള അല്ലോട്മെന്റുകളിൽ നിന്നും പുറത്താകുന്നതാണ്.

### കോളേജ് പ്രവേശനം

ഒന്ന്, രണ്ട്, അലോട്ട്മെൻറുകളിൽ അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി കോളേജുകളിൽ ഹാജരാക്കുന്നതിനുള്ള അലോട്ട്മെൻറ് മെമ്മോ 15.06.2024 മുതൽ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്- അലോട്ട്മെൻറ് മെമ്മോയിൽ നൽകിയിരിക്കുന്ന തിയ്യതിയിൽ അലോട്ട്മെൻറ് ലഭിച്ച കോളേജുകളിൽ അഡ്മിഷന് വേണ്ടി ഹാജരാകേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ, അതാത് കോളേജ് പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

കോളേജുകളിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർഥികൾക്കും APAAR ID നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.നിലവിൽ APAAR ID ഇല്ലാത്ത വിദ്യാർഥികൾ www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് APAAR ID ജനറേറ്റ് ചെയ്യേണ്ടതാണ്.

അലോട്ട്മെൻറ് മെമ്മോയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

1 . ഓൺലൈൻ അപേക്ഷയുടെ പ്രിൻറ് ഔട്ട്, അലോട്മെൻറ് മെമ്മോ
2.രജിസ്ട്രേഷൻ ഫീസ്, സർവകലാശാല അഡ്മിഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ച രസീതിയുടെ പ്രിൻറ് ഔട്ട്
3. യോഗ്യതാ പരീക്ഷയുടെ അസൽ മാർക്ക് ലിസ്റ്റ്
4. ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
5. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്
6. കോഴ്സ് & കോണ്ടക്ട് സർട്ടിഫിക്കറ്റ്
7. അസ്സൽ കമ്മ്യൂണിറ്റി/Caste സർട്ടിഫിക്കറ്റ് (SC/ST വിഭാഗങ്ങൾക്ക്),കമ്മ്യൂണിറ്റി/ Caste തെളിയിക്കുന്നതിനുള്ള ഏതെങ്കിലും വിദ്യാഭ്യാസ രേഖ (OEC വിഭാഗങ്ങൾക്ക്) EWS വിഭാഗമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്(ബാധകമായവർക്ക്)

8. അസ്സൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (SEBC വിഭാഗങ്ങൾക്ക്)
9. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കേറ്റ്
10. HSE,VHSE,THSE,CBSC,CISCE,NIOS,കേരള പ്ലസ് ടു തുല്യത പരീക്ഷ എന്നിവ ഒഴികെ മറ്റു ബോർഡുകളിൽ നിന്നും യോഗ്യത പരീക്ഷ പാസായവർ കണ്ണൂർ സർവകലാശാലയുടെ Recognition Certificate ഹാജരാക്കേണ്ടതാണ്
11.നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ.
12.അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

## താത്കാലിക പ്രവേശനം

ഹയർ ഓപ്ഷൻ നിലനിർത്തുന്നവർ ഇപ്പോൾ അലോട്ട്മെൻറ് ലഭിച്ച കോളേജിൽ താത്ക്കാലിക പ്രവേശനം നേടേണ്ടതാണ്. ഇതിനായി അവർ സർട്ടിഫിക്കറ്റുകളെല്ലാം ഇപ്പോൾ അലോട്ട്മെൻറ് ലഭിച്ച കോളേജിൽ ഹാജരാക്കി പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികൾ മറ്റു ഫീസുകൾ കോളേജിൽ അടക്കേണ്ടതില്ല. അടുത്ത അലോട്ട്മെൻറുകളിൽ ഈ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ പുതുതായി അലോട്ട്മെൻറ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്താകുന്നതാണ്.

താത്ക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഹയർ ഓപ്ഷൻ നിലവിലില്ലാത്ത എല്ലാ വിദ്യാർത്ഥികളും മുഴുവൻ ഫീസ് അടച്ച് അലോട്ട്മെൻറ് ലഭിച്ച കോളേജിൽ അലോട്ട്മെൻറ് മെമ്മോ പ്രകാരമുള്ള തീയതികളിൽ സ്ഥിരം പ്രവശനം നേടേണ്ടതാണ്

കോളേജുകളിൽ സ്ഥിരപ്രവേശനം നേടുന്നവർ ഹയർ ഓപ്ഷൻ റദ്ദ് ചെയ്തു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം അടുത്ത അലോട്ട്മെൻറുകളിൽ ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ പുതുതായി അലോട്ട്മെൻറ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടി വരുന്നതാണ്.

മൂന്നാം അലോട്ട്മെൻറ് :08.07.2024

കൂടുതൽ വിവരങ്ങൾക്ക് admission.kannuruniversity.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഹെൽപ്പ് ലൈൻ നമ്പറുകൾ : 0497-2715284, 0497-2715261, 7356948230.

e-mail id: ugsws@kannuruniv.ac.in

ഒപ്പ്/-
അസിസ്റ്റന്റ് രജിസ്ട്രാർ II
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. PRO (എല്ലാ പത്രങ്ങളിലും പത്രക്കുറിപ്പ് നൽകുന്നതിനായി )
2. Web Manager
3. IT Centre
4. Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ